LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയിലെ ഡിഫിക്കൽറ്റ് റ്റൂറൽ/ട്രൈബൽ ഏരിയകളിൽപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററുകൾ

39 (746) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ ഡിഫിക്കൽറ്റ് റൂറൽ/ട്രൈബൽ ഏരിയകളിൽപ്പെട്ട എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളുണ്ട്, ഏതൊക്കെയാണ് ;

(ബി) വളന്തക്കാട് പി.എച്ച്.സി. ഡിഫിക്കൽറ്റ് റൂറൽ ഏരിയയിൽ ഉൾപ്പെട്ട പി.എച്ച്.സി. ആണോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പി.എച്ച്.സി.-യിൽ ജോലി ചെയ്യുന്ന മെഡിക്കൽ ഓഫീസർ, പാരാ-മെഡിക്കൽ സ്റ്റാഫ്, ഫീൽഡ് വിഭാഗം ജീവനക്കാർ എന്നിവർക്ക് സ്ഥലം മാറ്റത്തിനോ, ഒരു ഓഫീസിൽ തന്നെ ദീർഘകാലം ജോലി ചെയ്യുന്നതിനോ പ്രത്യേക പരിഗണന ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഗവൺമെന്റ് ഉത്തരവ് ഉൾപ്പെടെ വിശദമാക്കാമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി. പ്രവേശനത്തിന് പ്രത്യേക പരിഗണനയുണ്ടോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ഡിഫിക്കൽറ്റ് റൂറൽ ഏരിയയിൽപ്പെട്ട മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകളുണ്ട്. അവ താഴെ പറയുന്നവയാണ് :

1. പി.എച്ച്.സി, വളന്തക്കാട്
2. പി.എച്ച്.സി, കുട്ടമ്പുഴ
3. പി.എച്ച്.സി, അയ്യംപുഴ

(ബി) ആണ്.

(സി) വളന്തക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന അനുവദനീയമാണ്.

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 27-4-2000-ലെ സർക്കാർ ഉത്തരവ് നമ്പർ. (പി)13/2000/ഉ.ഭ.വ.വ-ന്റെ 17(ബി) പ്രകാരം മലയോര റിമോട്ട് പ്രദേശങ്ങളിൽ ജോലി നോക്കിയിട്ടുള്ളവർക്ക് സ്ഥലംമാറ്റത്തിനായുള്ള സീനിയോറിറ്റി കാലാവധി നിർണ്ണയിക്കുമ്പോൾ അവരുടെ രണ്ടുവർഷ സേവനം മൂന്നുവർഷമായി പരിഗണിക്കാവുന്നതാണ്. കൂടാതെ 21-2-2005-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർറ്റി.) 504/2005/ആകവ ഖണ്ഡിക 32 പ്രകാരം മലയോര മേഖലകളിലും, ദുർഘട സ്ഥലങ്ങളിലും ഗ്രാമീണ മേഖലകളിലും കുറഞ്ഞത് മൂന്നുവർഷമെങ്കിലും ജോലി ചെയ്ത ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. വളന്തക്കാട് പി.എച്ച്.സി.-യെ ദുർഘട ഗ്രാമീണ പ്രദേശങ്ങളിൽ ഉൾപ്പെട്ടതായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ മേൽ വിവരിച്ച ആനുകൂല്യങ്ങൾ വളന്തക്കാട് പി.എച്ച്.സി.-യിലെ ജീവനക്കാർക്കും അനുവദനീയമാണ്.

(ഇ) ഉണ്ട്.

ഒഴിവുള്ള തസ്തികകൾ

40 (747) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി താലൂക്കാശുപത്രി, കൊപ്പത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) നിത്യേന ആയിരക്കണക്കിന് രോഗികൾ വരുന്ന ഈ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടാമ്പി താലൂക്കാശുപത്രി :

തസ്തികയുടെ പേര്	ഒഴിവുകൾ
മെഡിക്കൽ ഓഫീസർ	3
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - 1	1
ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - 2	1
സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2	1

LIBRARY ARCHIVES Kerala Legislative Assembly